# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1477 — 14.12.2012-ൽ മറുപടിക്ക്.

## തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.രാമകൃഷ്ണൻ. | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

(എ) തദ്ദേശസ്ഥാപങ്ങളുടെ പദ്ധതി ആസൂത്രണ പ്രക്രിയ പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര തദ്ദേശസ്ഥാപങ്ങൾ പദ്ധതി തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്; ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ തിരിച്ച് എണ്ണം ലഭ്യമാക്കുമോ;

(എ) തദ്ദേശസ്ഥാപങ്ങളുടെ പദ്ധതികളുടെ ആസൂത്രണ പ്രക്രിയ അവസാന ഘട്ടത്തിലാണ്. അംഗീകാരം നേടിയ തദ്ദേശ സ്ഥാപനങ്ങളും പ്രോജക്ടുകളും ചുവടെ ചേർക്കുന്നു.

| | | അംഗീകാരം നേടിയ പ്രോജക്ടുകൾ |
|---|---|---|
| ജില്ലാ പഞ്ചായത്ത് | - 7 | 101 |
| ബ്ലോക്ക് പഞ്ചായത്ത് | - 103 | 1401 |
| ഗ്രാമ പഞ്ചായത്ത് | - 966 | 60344 |
| മുൻസിപ്പാലിറ്റികൾ | - 55 | 2931 |
| കോർപ്പറേഷൻ | - 3 | 662 |

(ബി) ഇതുവരെ എത്രശതമാനം പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) നടപ്പു വർഷത്തെ പുതിയ പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലെത്തിയിട്ടേയുള്ളു.

(സി) ശേഷിക്കുന്ന 4 മാസം കൊണ്ട് പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാനാവുമെന്ന് കരുതുന്നുണ്ടോ; കാലാവധി നീട്ടി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി) സാമ്പത്തിക വർഷത്തിന്റെ അവസാന 4 മാസങ്ങൾ കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ നിർവ്വഹിക്കാൻ സാധിക്കുന്നതാണ്. അടുത്ത വർഷത്തെ പദ്ധതികളും രൂപീകരിക്കേണ്ട സമയമായി വരുന്നതിനാൽ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ